## WACE ഭാഷാ അപേക്ഷയ്ക്കുള്ള നടപടിക്രമങ്ങൾ

*WACE ഭാഷാ കോഴ്സിനായി* പേര് നൽകാൻ താല്പര്യപ്പെടുന്നവർ WACE ഭാഷാ കൊഴിസിന് എൻറോൾ ചെയ്യുന്നതിന് *സമ്മത നൽകുന്ന അപേക്ഷ* സമർപ്പിക്കേണ്ടതാണ്. ഇത് സ്റ്റുഡന്റ് പോർട്ടൽ വഴി സ്കൂൾ കരിക്കുലം ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റിക്കാണ് സമർപ്പിക്കേണ്ടത്.

(https://studentportal.scsa.wa.edu.au)

പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് വിദ്യാർത്ഥികൾ ഈ ഭാഷാ അപേക്ഷ പൂർത്തിയാക്കേണ്ടത്.

ഭാഷാ അപേക്ഷ പൂർത്തിയാക്കാനായിവിദ്യാർത്ഥികൾ സ്കൂളിലോ വീട്ടിലോ കമ്പ്യൂട്ടറിന്റെ സഹായം തേടേണ്ടതാണ്. നിങ്ങൾക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഭാഷാ അധ്യാകരുടെയോ സ്കൂൾ അധികൃതരുടെയോ സഹായം തേടേണ്ടതാണ്.

## ആവശ്യമായ വിവരങ്ങൾ

വിദ്യാർത്ഥികൾ താഴെ പറയുന്ന വിവരങ്ങൾ നൽകേണ്ടതാണ്:

- പ്രി-പ്രൈമറി മുതൽ ഓരോ വർഷവും ഇവർ പഠിക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ
- ഓസ്ട്രേലിയയ്ക്ക് പുറത്ത് ഏതൊക്കെ ക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ടോ, അവയുടെ റിപ്പോർട്ടുകൾ
- ഇവിടെ എത്തും മുൻപ് താമസിച്ചിട്ടുള്ള രാജ്യങ്ങൾ ഏതെല്ലാം
- അവധിയാഘോഷിക്കാനോ , സന്ദർശനത്തിനായോ  യാത്രചെയ്തിട്ടുള്ള രാജ്യങ്ങൾ. അവിടെ പോയതിന്റെ കാരണങ്ങളും, താമസിച്ചതിന്റ കാലയളവും. ഇവർ ഏത് ഭാഷയ്ക്കാണോ  അപേക്ഷിക്കുന്നത്, ആഭാഷ സംസാരിക്കുന്ന രാജ്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്.
- ഇവർ ആദ്യമായി സംസാരിക്കാൻ പഠിച്ച ഭാഷ/ഭാഷകൾ
- ഇവർ സംസാരിക്കുകയോ, എഴുതുകയോ, വായിക്കുകയോ ചെയ്യുന്ന മറ്റ് ഭാഷകൾ
- ഇവർ രക്ഷിതാക്കളോടും, സുഹൃത്തുക്കളോടും, സഹോദരങ്ങളോടും സംസാരിക്കുന്ന ഭാഷകൾ
- ഇവരുടെ രക്ഷിതാക്കളും/മാതാപിതാക്കളും സംസാരിക്കുന്ന ഭാഷാ/ഭാഷകൾ.

## പിന്തുണയ്ക്കുന്ന രേഖകൾ

താഴെ പറയുന്ന രേഖകൾ സ്കാൻ ചെയ്തോ ഫോട്ടോ എടുത്തോ അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ അപ്ലോഡ് ചെയ്യേണ്ടതാണ്

- മാതാപിതാക്കൾ/രക്ഷിതാക്കൾ സമ്മതം നൽകുന്ന പൂർത്തിയാക്കിയ ഫോം. (നിർബന്ധം)
- ഓസ്ട്രേലിയയ്ക്ക് പുറത്തു ജനിക്കുകയോ അവിടെ ജീവിക്കുകയോ ചെയ്തിട്ടുള്ളവരുടെ പാസ്സ്പോർട്ടിന്റെ വിവരങ്ങൾ അടങ്ങിയ പേജ്
- ഓസ്ട്രേലിയയ്ക്ക് പുറത്തുള്ള സ്കൂളുകളിൽ പഠിച്ചിട്ടുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ടുകൾ
- മറ്റു രാജ്യങ്ങളിലോ സ്ഥലങ്ങളിലോ ജീവിച്ചതിന്റെയോ, സ്ഥിരമായി സന്ദർശിച്ചതിന്റെയോ രേഖകൾ. കൂടാതെ, അപേക്ഷിക്കുന്ന ഭാഷ സംസാരിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ചതിന്റെ രേഖകൾ. (അധികൃതർ ആവശ്യപ്പെട്ടാൽ).

ഭാഷാ അപേക്ഷയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ WACE Language applications ന്റെ വെബ്സൈറ്റിൽ ലഭിക്കും. (https://www.scsa.wa.edu.au/sirs-and-srms-info/srms-information/wace-language-applications).

പത്താം ക്ളാസിൽ ആകുമ്പോൾ തന്നെ പതിനൊന്നാം ക്ലാസ്സിൽ പഠിക്കേണ്ട ഭാഷാ കോഴ്സ് പഠിക്കാനായി അപേക്ഷിക്കുന്ന ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥികൾക്കും ഇത് ബാധകമാണ്.